# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1985

17.03.2015-ൽ മറുപടിക്ക്

## പാമൊലിൻ അഴിമതി കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.സുധാകരൻ<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ.കെ. ജയചന്ദ്രൻ | **രമേശ് ചെന്നിത്തല**<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി |

| | |
|---|---|
| (എ) പാമൊലിൻ അഴിമതി കേസ് വിചാരണ ചെയ്യുന്നതിനെതിരെ വിജിലൻസ് കോടതിയിലും ഹൈക്കോടതിയിലും സർക്കാർ ഉയർത്തിയ വാദങ്ങൾ എന്തെല്ലാമായിരുന്നു; ഇതിനായി സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ്; ഇരുകോടതികളും സർക്കാർ വാദമുഖങ്ങൾ തള്ളിക്കളയുകയുണ്ടായോ; വിശദമാക്കാമോ ; | (എ) പാമൊലിൻ കേസിലെ പ്രതികളെ പ്രോസിക്യൂട്ട് ചെയ്യാൻ സെക്ഷൻ 197 ക്രിമിനൽ പ്രോസീജിയർ കോഡ് (Cr.PC) പ്രകാരമുള്ള സംസ്ഥാന സർക്കാർ അനുമതി ഉത്തരവ് മാത്രമാണ് ഉള്ളത്. പ്രസ്തുത ഉത്തരവ് നൽകുന്ന സമയം കേസിനാസ്പദമായ എല്ലാ രേഖകളും തിരുവനന്തപുരം സ്പെഷ്യൽ കോടതിയിൽ ഹാജരാക്കപ്പെട്ടിരുന്നതിനാൽ പ്രോസിക്യൂഷൻ അനുമതി ഉത്തരവ് നൽകിയത് രേഖകൾ പരിശോധിക്കാതെയാണെന്ന വസ്തുത നിലനിൽക്കുന്ന സാഹചര്യത്തിലും അതുപോലെ തന്നെ കേസിലെ ഐ.എ.എസ് ഉദ്യോഗസ്ഥരായ അഞ്ചും എട്ടും പ്രതികളുടെ കേസ് വിചാരണക്കെടുക്കുന്നതിന് അഴിമതി നിരോധന നിയമത്തിലെ 19-ാം വകുപ്പു പ്രകാരമുള്ള പ്രോസിക്യൂഷൻ അനുമതി ഉത്തരവ് കേന്ദ്ര സർക്കാർ നൽകാതിരുന്നതിനാലും നിയമം അനുശാസിക്കുന്ന പ്രകാരമുള്ള പ്രോസിക്യൂഷൻ അനുമതി ഉത്തരവ് ഇല്ലാത്തതിന്റെ പശ്ചാത്തലത്തിൽ കേസിന്റെ വിചാരണയ്ക്ക് നിയമ സാധുത ഇല്ലെന്ന് പ്രോസിക്യൂട്ടർ സ്പെഷ്യൽ കോടതിയിൽ സമർപ്പിച്ച പിൻവലിക്കൽ ഹർജിയിൽ ബോധിപ്പിച്ചിരുന്നു.<br><br>ഇതിനു പുറമെ കേസിലെ സുപ്രധാനമായതും സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ബന്ധപ്പെട്ട |

രേഖകളുടെ അടിസ്ഥാനത്തിൽ തെളിവു കൊടുക്കേണ്ട കേസിലെ സുപ്രധാന സാക്ഷികളിൽപ്പെട്ട ഒന്നാം സാക്ഷി ശ്രീ.കെ.പി. രാമദാസ്, അഡീഷണൽ ജനറൽ മാനേജർ (മാർക്കറ്റിംഗ്) കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ, മൂന്നാം സാക്ഷി കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഫിനാൻസ് അഡീഷണൽ ജനറൽ മാനേജരായിരുന്ന ശ്രീ. വിനയചന്ദ്രൻ, പന്തണ്ടാം സാക്ഷി കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ കമ്പനി സെക്രട്ടറി ശ്രീ. രവീന്ദ്രകുമാറും മരണപ്പെട്ടിരുന്നു. മേൽപ്പറഞ്ഞ സാക്ഷികളുടെ അഭാവത്തിൽ കേസിന് ആസ്പദമായ തെളിവുകൾ നൽകാൻ സാധിക്കാത്ത സാഹചര്യം പ്രോസിക്യൂട്ടർ പിൻവലിക്കൽ ഹർജിയിൽ പ്രസ്താവിച്ചിരുന്നു. മറ്റൊരു സംഗതി, പാമൊലിൻ ഇറക്കുമതി ഇടപാടുമായി ബന്ധപ്പെട്ട സർക്കാർ തീരുമാനം കൊണ്ട് സർക്കാരിനു നഷ്ടം സംഭവിച്ചിട്ടില്ല. ഇത്തരത്തിൽ ഈ കേസ് മുന്നോട്ടുകൊണ്ടു പോകുന്നത് കോടതിയുടെയും മറ്റും സമയം വൃഥാ നഷ്ടപ്പെടുന്നത് പൊതു താല്പര്യത്തിനു ഹാനികരമാണെന്ന വാദമാണ് പ്രധാനമായും ബഹുമാനപ്പെട്ട വിജിലൻസ് കോടതിയിലും ബഹുമാനപ്പെട്ട ഹൈക്കോടതിയിലും ഉന്നയിച്ചിരുന്നത്. എന്നാൽ വിജിലൻസ് കോടതി ഈ കേസിലെ പിൻവലിക്കൽ ഹർജി സമർപ്പിച്ചത് കേസിന്റെ ചുമതലയുള്ള പ്രോസിക്യൂട്ടർ അല്ലെന്നും അതിനാൽ ഉത്തമ വിശ്വാസത്തോടെയാണ് ഹർജി ബോധിപ്പിച്ചതെന്ന് കരുതാനാവില്ലെന്നു മുള്ള നിഗമനത്തിൽ ഹർജി തള്ളി.

ബഹുമാനപ്പെട്ട ഹൈക്കോടതി കീഴ്കോടതിയുടെ ഉത്തരവ് റദ്ദാക്കാൻ മതിയായ കാരണങ്ങൾ ഇല്ലെന്നുള്ള തുകൊണ്ട് വിചാരണ നടത്താൻ ഉത്തരവായി.

| | |
|---|---|
| (ബി) വിചാരണ കോടതി മുമ്പാകെയുള്ള തെളിവുകളുടെയും സാക്ഷി മൊഴികളുടെയും അടിസ്ഥാനത്തിൽ പ്രതികളെ വിചാരണ | (ബി) കേസിന്റെ വിചാരണ നടത്താൻ സർക്കാർ വിമുഖത കാണിച്ചിട്ടില്ല. കോടതി കേസിന്റെ തുടർനടപടിക്കായി 23/03/2015-ൽ കേസ് വച്ചിരിക്കുകയാണ്. കംട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ |

ചെയ്യാൻ സർക്കാർ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണ്;
പാമൊലിൻ ഇടപാടിൽ ഖജനാവിന് നഷ്ടം ഉണ്ടായ തായും ദുരൂഹതകൾ ഉള്ളതായും സി.എ.ജി റിപ്പോർട്ടും, പി.എ.സി റിപ്പോർട്ടും ചൂണ്ടിക്കാണി ച്ചിരിക്കുന്ന കാര്യം സർക്കാ രിനറിയാമായിരുന്നുവോ ;

(സി.എ.ജി) റിപ്പോർട്ടിലെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പി.എ.സി) റിപ്പോർട്ടിലെയും പരാമർശങ്ങൾ കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണ്.

(സി) സർക്കാരിന്റെ റിവിഷൻ ഹർജി ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ തീരുമാനം തിരുത്താനും, ഇടപാടുമായി ബന്ധപ്പെട്ട് അധികാരസ്ഥാനങ്ങളിലുള്ള വരെ തൽസ്ഥാനങ്ങളിൽ നിന്നും മാറ്റി നിർത്താനും സർക്കാർ തയ്യാറാകുമോ ;

(സി) ഈ കേസ് പിൻവലിക്കാൻ പബ്ലിക് പ്രോസിക്യൂട്ടർ നൽകിയ ഹർജി അനുവദിക്കാത്തതിനെതിരെയാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിവിഷൻ ഹർജി നൽകിയിട്ടുള്ളത്. വിചാരണ തുടരാനുള്ള കോടതി തീരുമാനം തിരുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടില്ല. ഈ കേസ് വിചാരണയിൽ ഇരിക്കുന്ന അവസരങ്ങളിൽ തന്നെ കേസുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിവിധ സ്ഥാനങ്ങളിൽ തുടർന്നുകൊണ്ടിരുന്നു. ഈ സ്ഥിതി തന്നെ തുടരുന്നതാണ്.

(ഡി) ഇടപാടിലെ ധനപരമായ ഉത്തരവാദിത്തം അന്നത്തെ മന്ത്രിസഭയിലെ ആർക്കാ യിരുന്നുവെന്ന് വ്യക്തമാ ക്കാമോ ?

(ഡി) സർക്കാർ തീരുമാന പ്രകാരം പാമൊലിൻ ഇറക്കുമതിയുടെ ധനവിനിയോഗ ചുമതല കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനായിരുന്നു. മന്ത്രിസഭയിലെ ആർക്കും ധനപരമായ ഉത്തരവാദിത്തം ഇല്ലായിരുന്നു.

സെക്ഷൻ ഓഫീസർ